**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 253** **08-08-2023 - ൽ മറുപടിയ്ക്ക്**

**പി. പി. ഇ. കിറ്റുകൾ വാങ്ങുന്നതിനുള്ള അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | 30.03.2020-ന് സാൻ ഫാർമ്മ എന്ന സ്ഥാപനത്തിൽ നിന്നും പി. പി. ഇ. കിറ്റുകൾ വാങ്ങുന്നതിനു മുൻപ് കേരള മെഡിക്കൽ സർവിസസ് കോർപ്പറേഷൻ അന്നത്തെ ആരോഗ്യമന്ത്രിയുടെയോ മുഖ്യമന്ത്രിയുടെയോ അനുമതി നേടിയിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | രാജ്യവ്യാപകമായി നോട്ടിഫൈഡ് ഡിസാസ്റ്റർ ആയി കോവിഡ് മഹാമാരിയെ പ്രഖ്യാപിച്ച അടിയന്തര സാഹചര്യത്തിൽ, കോവിഡ് അതിവ്യാപന സാധ്യത മുന്നിൽ കണ്ടു ചീഫ് സെക്രട്ടറി ചെയർമാൻ ആയിട്ടുള്ള STATE CRISIS MANAGEMENT GROUP- ന്റെ 28.03.2020ലെ യോഗതീരുമാനം, സ.ഉ.(സാധാ) നം.09/2020/എസ്.പി.ഡി. തീയതി 04.04.2020, സ.ഉ. (സാധാ)നം. 12/2020/SPD തീയതി 12.06.2020 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കെ എം എസ് സി എൽ നടത്തിയ കോവിഡ് കാല പർച്ചേയ്സുകൾ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളിലുള്ള ഇളവുകൾ പ്രകാരമായിരുന്നു.<br><br>കോവിഡ് വ്യാപനം രൂക്ഷമാകുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ കോവിഡ് പ്രതിരോധ സാമഗ്രികൾ സംഭരിക്കുന്നതുൾപ്പെടെയുള്ള തയ്യാറെടുപ്പുകൾ അനിവാര്യമായിരുന്നു. പ്രതിദിന ഉപയോഗത്തിന് ആനുപാതികമായിട്ടുള്ള പി പി ഇ കിറ്റുകൾ വിതരണം ചെയ്യുവാൻ തക്കവണ്ണം തദ്ദേശീയ വിതരണക്കാരെ ലഭ്യമാകാതെ വന്ന സാഹചര്യത്തിൽ ടി വിഷയം ചീഫ് സെക്രട്ടറി അധ്യക്ഷനായിട്ടുള്ള CRISIS MANAGEMENT GROUP പരിശോധിക്കുകയും ആവശ്യമെങ്കിൽ 50% മുൻകൂർ തുക നൽകി ഒരേ സമയം വിവിധ വിതരണക്കാരിൽ നിന്ന് സംഭരിക്കുന്നതിനു കെ.എം.എസ്.സി.എൽ മാനേജിങ് ഡയറക്ടർക്ക് നിർദേശം നല്കിയിരുന്നു. കോവിഡ് വ്യാപനം രൂക്ഷമായ ഘട്ടത്തിൽ ഏറ്റവും മോശമായ സാഹചര്യം ഉടലെടുക്കുകയാണെങ്കിൽ 10 ലക്ഷം പി.പി.ഇ. കിറ്റുകൾ സംഭരിക്കേണ്ടതായി വരുമെന്ന സാഹചര്യം വിലയിരുത്തി 8 ലക്ഷം പി പി ഇ കിറ്റുകൾ യുദ്ധകാലാടിസ്ഥാനത്തിൽ രണ്ടു |

| | | | |
|---|---|---|---|
| | | | മാസത്തിനുള്ളിൽ സംഭരിക്കുന്നതിനു കെ.എം.എസ്.സി.എൽ നെ ചുമതലപ്പെടുത്തി. ഇത്തരം മുൻകരുതലുകൾ സർക്കാർ സ്വീകരിച്ചത് കൊണ്ടാണ് കോവിഡിന്റെ ആദ്യ ഘട്ടത്തിൽ വ്യാപനം കുറച്ചുനിർത്താൻ സംസ്ഥാനത്തിന് കഴിഞ്ഞത്. കോവിഡ് വ്യാപനം രൂക്ഷമായ ഘട്ടത്തിൽ കെ എം എസ് സി എൽ സംഭരിച്ച കോവിഡ് പ്രതിരോധ സാമഗ്രികളുടെ സംഭരണ നടപടി സർക്കാർ സാധൂകരിച്ചു നല്കിയിട്ടുള്ളതാണ്. |
| (ബി) | 30.03.2020-നു സാൻ ഫാർമ്മ എന്ന സ്ഥാപനത്തിൽ നിന്നും പി. പി.ഇ.കിറ്റുകൾ വാങ്ങുന്നതിനു മുൻപ് ആരോഗ്യമന്ത്രി മുഖ്യമന്ത്രിയിൽ നിന്നും അനുമതി തേടിയിരുന്നോ എന്ന് വ്യക്തമാക്കാമോ? | (ബി) | രാജ്യവ്യാപകമായി നോട്ടിഫൈഡ് ഡിസാസ്റ്റർ ആയി കോവിഡ് മഹാമാരിയെ പ്രഖ്യാപിച്ച അടിയന്തര സാഹചര്യത്തിൽ, കോവിഡ് അതിവ്യാപന സാധ്യത മുന്നിൽ കണ്ടു ചീഫ് സെക്രട്ടറി ചെയർമാൻ ആയിട്ടുള്ള STATE CRISIS MANAGEMENT GROUP- ന്റെ 28.03.2020ലെ യോഗതീരുമാനം, സ.ഉ.(സാധാ) നം.09/2020/എസ്.പി.ഡി. തീയതി 04.04.2020, സ.ഉ. (സാധാ)നം. 12/2020/SPD തീയതി 12.06.2020 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കെ എം എസ് സി എൽ നടത്തിയ കോവിഡ് കാല പർച്ചേയ്സുകൾ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളിലുള്ള ഇളവുകൾ പ്രകാരമായിരുന്നു.<br><br>കോവിഡ് വ്യാപനം രൂക്ഷമാകുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ കോവിഡ് പ്രതിരോധ സാമഗ്രികൾ സംഭരിക്കുന്നതുൾപ്പെടെയുള്ള തയ്യാറെടുപ്പുകൾ അനിവാര്യമായിരുന്നു. പ്രതിദിന ഉപയോഗത്തിന് ആനുപാതികമായിട്ടുള്ള പി പി ഇ കിറ്റുകൾ വിതരണം ചെയ്യുവാൻ തക്കവണ്ണം തദ്ദേശീയ വിതരണക്കാരെ ലഭ്യമാകാതെ വന്ന സാഹചര്യത്തിൽ ടി വിഷയം ചീഫ് സെക്രട്ടറി അധ്യക്ഷനായിട്ടുള്ള CRISIS MANAGEMENT GROUP പരിശോധിക്കുകയും ആവശ്യമെങ്കിൽ 50% മുൻകൂർ തുക നൽകി ഒരേ സമയം വിവിധ വിതരണക്കാരിൽ നിന്ന് സംഭരിക്കുന്നതിനു കെ.എം.എസ്.സി.എൽ മാനേജിങ് ഡയറക്ടർക്ക് നിർദേശം നല്കിയിരുന്നു. കോവിഡ് വ്യാപനം രൂക്ഷമായ ഘട്ടത്തിൽ ഏറ്റവും മോശമായ സാഹചര്യം ഉടലെടുക്കുകയാണെങ്കിൽ 10 ലക്ഷം പി.പി.ഇ. കിറ്റുകൾ സംഭരിക്കേണ്ടതായി വരുമെന്ന സാഹചര്യം വിലയിരുത്തി 8 ലക്ഷം പി പി ഇ കിറ്റുകൾ യുദ്ധകാലാടിസ്ഥാനത്തിൽ രണ്ടു മാസത്തിനുള്ളിൽ സംഭരിക്കുന്നതിനു കെ.എം.എസ്.സി.എൽ നെ ചുമതലപ്പെടുത്തി. ഇത്തരം മുൻകരുതലുകൾ സർക്കാർ സ്വീകരിച്ചത് കൊണ്ടാണ് കോവിഡിന്റെ ആദ്യ ഘട്ടത്തിൽ |

| | | | |
|---|---|---|---|
| | | | വ്യാപനം കുറച്ചുനിർത്താൻ സംസ്ഥാനത്തിന് കഴിഞ്ഞത്. കോവിഡ് വ്യാപനം രൂക്ഷമായ ഘട്ടത്തിൽ കെ എം എസ് സി എൽ സംഭരിച്ച കോവിഡ് പ്രതിരോധ സാമഗ്രികളുടെ സംഭരണ നടപടി സർക്കാർ സാധൂകരിച്ചു നല്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ